116 (499) കോളേജുകളിൽ ശനിയാഴ്ച പ്രവൃത്തി ദിവസമാക്കിയ നടപടി

<u>ശ്രീമതി രാധാ രാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ ശനിയാഴ്ച പ്രവൃത്തി ദിവസമാക്കിയ നടപടി പിൻവലിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ശനിയാഴ്ച പ്രവൃത്തി ദിവസമാക്കുക വഴി അക്കാദമിക് രംഗത്ത് ഉണ്ടാകും എന്ന് പ്രതീക്ഷിച്ചിരുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനു പകരം നിലവിലുള്ള സാഹചര്യങ്ങളിൽ അദ്ധ്യയനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് ഊന്നൽ കൊടുക്കുമോ;

(ഡി) അദ്ധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്താൻ കഴിയുന്ന തരത്തിൽ വേണ്ടത്ര സംവിധാനങ്ങൾ കോളേജ് വിദ്യാഭ്യാസ രംഗത്ത് ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-ബി) ശനിയാഴ്ച പ്രവൃത്തി ദിവസമാക്കി കൊണ്ടുള്ള ഉത്തരവ് ജി.ഒ. (പി) നമ്പർ 171/99/ഉവിവ. പ്രകാരം 21-12-99-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷ അദ്ധ്യാപകരും ഇതിൽ വിമുഖരാണെന്നുള്ള പ്രശ്നം നിലനിൽക്കുന്നു. ഇതിനെതിരായി അദ്ധ്യാപക സംഘടനകൾ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ 18-2-2000 ലെ ജി.ഒ. (പി) നം.21/2000 ഉവിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.† കോളേജ് വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് യു.ജി.സി. നിർദ്ദേശിച്ച പ്രകാരം പരിഷ്കരണം ഇവിടേയും നടപ്പിലാക്കുവാൻ തീരുമാനിച്ചത്. യു.ജി.സി. നിഷ്കർഷിച്ച പ്രകാരം പൊതു ഒഴിവുകൾ തുടങ്ങിയവ ഒഴിച്ച് മൊത്തം 180 അദ്ധ്യയന ദിവസങ്ങൾ ഉറപ്പു വരുത്തുന്നതിനു വേണ്ടിയാണ് ഇങ്ങനെ ചെയ്തത്. ഇത് വിദ്യാർത്ഥികൾക്ക് കൂടുതൽ ഗുണകരമായ ഒരു നടപടിയായി കാണേണ്ടതാണ്.

(സി) നിലവിലുള്ള സാഹചര്യങ്ങളിൽ അദ്ധ്യയനം മെച്ചമല്ലായെന്നു തോന്നിയതിന്റെ അടിസ്ഥാനത്തിലാണ് യു.ജി.സി. നിർദ്ദേശിച്ച പ്രകാരമുള്ള ശമ്പള പരിഷ്കരണത്തോടൊപ്പം യു.ജി.സി. നിർദ്ദേശിച്ചിട്ടുള്ള അക്കാദമിക് പരിഷ്കാരങ്ങൾ കൂടി നടപ്പിലാക്കുവാൻ തീരുമാനിച്ചത്. മാത്രവുമല്ല യു.ജി.സി. നിർദ്ദശങ്ങൾ കർശനമായി പാലിക്കേണ്ടതുണ്ട്.

(ഡി) യു.ജി.സി. നിർദ്ദേശമനുസരിച്ച് അദ്ധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഓരോ വിഷയത്തിലും റിഫ്രഷർ കോഴ്സുകളും ഗവേഷണസൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പോരായ്മകൾ പരിഹരിക്കുവാൻ ശ്രമിക്കുന്നുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly